(9) വൈദ്യുതി ലൈൻ ഡബിൾ സർക്യൂട്ടാക്കൽ

ശ്രീ. എ. റ്റി. ജോർജ്: സർ, കുടംകുളം തെർമൽ സ്റ്റേഷനിൽ നിന്ന് കേന്ദ്രപൂൾ വഴി കേരളത്തിന് ലഭിക്കേണ്ട വൈദ്യുതി കുടംകുളത്തു നിന്നും ഏറ്റവും ദൂരം കുറവായ എസ്.ആർ.പുത്തൂർ-പാറശ്ശാല സബ് സ്റ്റേഷൻ വഴി ലഭ്യമാക്കിയാൽ വൈദ്യുതി ബോർഡിന് ഏറെ ലാഭമുണ്ടാക്കാൻ കഴിയുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇപ്പോൾ കഴിത്തുറ-പാറശ്ശാല 110 കെ.വി. ലൈനിൽ നിന്ന് 70 ആമ്പിയർ കറന്റ് എടുക്കുവാനുള്ള കപ്പാസിറ്റി മാത്രമാണുള്ളത്. നിലവിലെ conductor-ഉം sവറും മാറ്റി സിംഗിൾ സർക്യൂട്ടിന് പകരം ഡബിൾ ലൈനാക്കിയാൽ വൈദ്യുതി എത്തിക്കാൻ സാധിക്കും. കുടംകുളം താപവൈദ്യുതി നിലയത്തിൽനിന്നും കേന്ദ്രപൂളിൽ ലഭിക്കേണ്ട വൈദ്യുതി പാഴാക്കുകയാണ് നമ്മൾ ചെയ്യുന്നത്. കുടംകുളം പദ്ധതിയിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്തിക്കാനുള്ള ഏറ്റവും എളുപ്പമുള്ള വഴി കുടംകുളം-എസ്.ആർ.പുത്തൂർ-പാറശ്ശാല സബ് സ്റ്റേഷൻ വഴിയാണ്. നിലവിൽ ലൈനുള്ളതുകൊണ്ടും ദൂരം കുറവായതിനാലും പ്രസരണ നഷ്ടവും മറ്റ് ചെലവുകളും കുറവായിരിക്കും. ഇപ്പോൾ പാറശ്ശാല പ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തെക്കൻ പ്രദേശങ്ങളിലും വൈദ്യുതി കട്ട് പ്രഖ്യാപിതമായും അപ്രഖ്യാപിതമായും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ കുടംകുളം താപ നിലയത്തിൽ നിന്ന് കേന്ദ്രപൂൾ വഴി നമുക്ക് ലഭിക്കേണ്ട വൈദ്യുതി നഷ്ടപ്പെടുത്തരുതെന്നും ഏറ്റവും അടുത്ത പാറശ്ശാല സബ് സ്റ്റേഷനിലേയ്ക്കുള്ള ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ജമീലാ പ്രകാശം)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, കുടംകുളം വൈദ്യുതി നിലയത്തിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ഇപ്പോഴുണ്ടാക്കുന്ന ലൈൻ തിരുനെൽവേലി-കൊച്ചി-മാടക്കത്തറ ആണ്. കൊച്ചിയിലെ പള്ളിക്കരയിൽ വന്ന് മാടക്കത്തറയിലേക്ക് പോവുകയാണ്. അത് 400 കെ. വി. സബ് സ്റ്റേഷനാണ്. അതാണ് PGCL (Power Grid Corporation of India Limited) ഉണ്ടാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്, 110 കെ.വി. ഡബിൾ സർക്യൂട്ട് ആക്കണമെന്നാണ്. അത് ഡബിൾ സർക്യൂട്ട് ആക്കിയാലും ഇത് രണ്ടും രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വഴിയാണെന്ന് മാത്രമല്ല 400 കെ.വി. വൈദ്യുതി കൊണ്ടുവരാൻ കഴിയില്ല. ആ ലൈൻ 400 കെ. വി. ആണ്. ഇവിടെയുള്ളത് 110 കെ.വി. ആണ്. ഇത് രണ്ട് വഴിയായാണ് വരുന്നത്. അത് ഡബിൾ സർക്യൂട്ട് ആക്കിയാലും ഒരു 110 കെ.വി.യും കൂടി കിട്ടുമെന്നല്ലാതെ ഇത് 400 കെ.വി. ആകില്ല. അതുകൊണ്ട് ഒട്ടും പ്രായോഗികമാകില്ല. ഇപ്പോഴുള്ള സിംഗിൾ ലൈൻ ഡബിൾ സർക്യൂട്ട് ആക്കി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കാം. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ purpose serve ചെയ്യില്ല. കൂടംകുളത്ത് നിന്ന് കൊണ്ടുവരുന്നതിനാണ് ഇപ്പോൾ ലൈൻ വലിക്കുന്നത്. വേറെയും CGS -ൽ നിന്ന് കിട്ടുന്നത് ഈ ലൈൻ വഴി കൊണ്ടുവരുവാൻ സാധിക്കും. പക്ഷേ, കൂടംകുളത്തുനിന്ന് കിട്ടിയ വൈദ്യുതി നമുക്ക് നഷ്ടപ്പെടുന്നില്ല. ഇപ്പോൾ നമ്മൾ വളഞ്ഞ് തിരിഞ്ഞ് വളരെ ദൂരം ചുറ്റി കൊണ്ടുവരുന്നതുകൊണ്ട് പത്ത് ശതമാനത്തോളം പവർ ട്രാൻസ്മിഷൻ ലോസ് ഉണ്ടാകുന്നുണ്ട്. കൂടംകുളത്ത് നിന്ന് 300 മെഗാവാട്ട് വൈദ്യുതി നമുക്ക് ലഭിക്കുമെങ്കിലും പത്ത് ശതമാനം വച്ച് 30 മെഗാവാട്ടെങ്കിലും ട്രാൻസ്മിഷൻ ലോസ് ഉണ്ടാകും. അതുമാത്രമല്ല ഇടമൺ-കൊച്ചി ലൈൻ നമുക്ക് അത്യാവശ്യമാണ്. 30 ശതമാനം ലോസ് കുറയ്ക്കാൻ വേണ്ടി മാത്രമല്ല വീണ്ടും നമ്മൾ CGS -ൽ നിന്നും കിട്ടുന്ന പവർ കൊണ്ടുവരാനും ഈ ലൈൻ വളരെ അത്യാവശ്യമായിട്ടുള്ളതാണ്. അതുകൊണ്ട് ഈ പറഞ്ഞത് പ്രായോഗികമല്ല എന്നാലും ആ സബ് സ്റ്റേഷൻ ഡബിൾ സർക്യൂട്ടാക്കിയാൽ അവിടത്തെ വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ എത്രത്തോളം പ്രായോഗിക മാണെന്നുള്ളത് പരിശോധിക്കും. ഇടമൺ-കൊച്ചിക്ക് പകരം ആ ലൈൻകൊണ്ട് പ്രയോജനമുണ്ടാകില്ല.

(10) റാങ്ക് ഹോൾഡേഴ്സിന്റെ നിരാഹാര സമരം

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, സർക്കാർ ആശ്രിതപത്രികളിലേക്കുള്ള ഒഴിവുകളിലേക്ക് 2010-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട നഴ്സുമാർക്ക് ഇനിയും നിയമനം ലഭിച്ചിട്ടില്ല. 1353 പേരുടെ ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ട്. നിയമസഭയിൽ 18-6-2014-ൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ 808 ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തിയിട്ടും നിയമനം നടത്താത്ത പശ്ചാത്തലത്തിൽ പി.എസ്.സി. റാങ്ക് ഹോൾഡർമാരായ നഴ്സുമാരുടെ പ്രതിനിധികൾ ഇപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ നിരാഹാരസമരം നടത്തിക്കൊണ്ടിരിക്കുന്ന രാഖിയെന്ന നഴ്സിന്റെ സ്ഥിതി വളരെയധികം വിഷമകരമായ അവസ്ഥയിൽ